# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 94 — 11.02.2016 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എം. ചന്ദ്രൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. എസ്. ശർമ്മ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) | സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യവിഹിതത്തിൽ വൻകുറവ് വരാൻ സാദ്ധ്യതയുള്ള തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് മുമ്പ് ശരാശരി 16.01 ലക്ഷം ടൺ ഭക്ഷ്യധാന്യം ലഭിച്ചുവന്നിരുന്നു. എന്നാൽ ഈ നിയമം നടപ്പിലാക്കുമ്പോൾ കേന്ദ്ര സർക്കാർ പ്രതിവർഷം 14.25 ലക്ഷം മെ. ടൺ ഭക്ഷ്യധാന്യമാണ് നൽകുക. മുൻപ് നൽകി വന്നിരുന്ന തോതിൽ തന്നെ ഭക്ഷ്യധാന്യം തുടർന്നും അനുവദിക്കണമെന്നു കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാക്കുമെന്ന് കരുതുന്നു. |
| (സി) | സംസ്ഥാനത്ത് നിലനിൽക്കുന്ന സാർവ്വത്രിക റേഷനിംഗ് സമ്പ്രദായം അവസാനിപ്പിക്കുവാൻ ഇത് കാരണമാകുമെന്ന് കരുതുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ അനുവദിക്കപ്പെട്ട റേഷൻ സമ്പ്രദായം കേന്ദ്രസർക്കാരിന്റെ പ്രസ്തുത നയം മൂലം തകരാൻ ഇടവരുമെന്നതിനാൽ ആയത് നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കൂടുതൽ (16.01 ലക്ഷം മെ.ടൺ) ഭക്ഷ്യധാന്യം നൽകണമെന്നും, മുൻഗണനാ വിഭാഗത്തിന് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യത്തിന്റെ തോത് ആളൊന്നിന് 7 കി.ഗ്രാം ആയി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Thulasi

സെക്ഷൻ ഓഫീസർ